# THE PLANTATION CORPORATION OF KERALA LTD

Registered Office: Kottayam-4

PCK/SAL-F-200/3115 08/10/2026

## ടെണ്ടർ നോട്ടീസ്

കൊടുമൺ ഫാക്ടറിയിലും, കാസറഗോഡ്, പേരാമ്പ്ര, തണ്ണിത്തോട് എസ്റ്റേറ്റ് എന്നിവിടങ്ങളിലുമായി സൂക്ഷിച്ചിരിക്കുന്നതും താഴെ ചേർത്തിരിക്കുന്നത് പ്രകാരവുമുള്ളതായ ഒട്ടുപാൽ വിൽപനക്കായി മത്സരാടിസ്ഥാനത്തിലുള്ള ഇ-ദർഘാസ്സുകൾ ക്ഷണിക്കുന്നു:

| ക്രമ നം | യൂണിറ്റ് | അളവ്(MT) |
|---|---|---|
| 1 | കൊടുമൺ ഫാക്ടറി | 85.00 |
| 2 | കാസറഗോഡ് എസ്റ്റേറ്റ് | 33.00 |
| 3 | പേരാമ്പ്ര എസ്റ്റേറ്റ് | 25.00 |
| 4 | തണ്ണിത്തോട് എസ്റ്റേറ്റ് | 16.198 |

ടെണ്ടറുകാർക്ക് അവരുടെ ടെണ്ടറുകൾ കേരള ഗവണ്മെന്റ് ഇ-ടെണ്ടർ പോർട്ടൽ മുഖേന (https://www.etenders.kerala.gov.in) സമർപ്പിക്കാവുന്നതാണ്. ഇ-ഓക്ഷനും ഉണ്ടായിരിക്കുന്നതാണ്.

### ദർഘാസ് വ്യവസ്ഥകൾ :-

1. റബ്ബർ ബോർഡ് രജിസ്റ്റേർഡ് വ്യാപാരികൾക്കും റബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും മാത്രമെ ദർഘാസിൽ പങ്കെടുക്കുവാൻ യോഗ്യതയുള്ളു. ദർഘാസിൽ പങ്കെടുക്കുവാൻ നിരതദ്രവ്യമായി 10,000/ രൂപാ കോർപറേഷനിൽ കെട്ടിവെക്കേണ്ടതാണ്. ഒറിജിനൽ രേഖകളും അവയുടെ കോപ്പികളും ടെണ്ടർ വേരിഫിക്കേഷന് സമർപ്പിക്കേണ്ടതാണ്.
2. ടെണ്ടറിൽ പങ്കെടുക്കുന്നവർ യൂണിറ്റുകളിൽ എത്തി ഓട്ടുപാലിൻറെ തൂക്കവും, ഗുണനിലവാരവും നേരിട്ടു കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ടെൻണ്ടർ സമർപ്പിച്ചതിനുശേഷം ഇവ സംബന്ധിച്ച് ഉന്നയിക്കുന്ന യാതൊരു അവകാശവാദങ്ങളും പരിഗണിക്കുന്നതല്ല.
3. **ടെണ്ടറിൽ പങ്കെടുക്കുന്നവർ താഴെ ചേർത്തിരിക്കുന്ന പ്രകാരം നിരക്കുകൾ (നികുതി ഒഴികെ) രേഖപ്പെടുത്തേണ്ടതാകുന്നു:**

   റബ്ബർ സ്ക്രാപ്പ് :- നിശ്ചിത മാതൃകയിൽ ഒരു കിലോഗ്രാമിന് (100% DRC) നൽകാവുന്ന ഏറ്റവും കൂടിയ നിരക്ക്.

4. ഇ-ദർഘാസിൽ പങ്കെടുക്കുന്നവർ ടെണ്ടർ കണ്ടീഷൻ ഇ-ടെണ്ടർ പോർട്ടലിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് എല്ലാപേജിലും ഒപ്പ് രേഖപ്പെടുത്തി അപ്പ്ലോഡ് ചെയ്യേണ്ടതാണ്.
5. ടെണ്ടർ ഉറപ്പിച്ചുകൊണ്ട് അറിയിപ്പ് ലഭിക്കുന്നയാൾ കൺഫർമേഷൻ തീയതി മുതൽ 2 ദിവസങ്ങൾക്കുള്ളിൽ റബ്ബർ ഇനത്തിന്റെ വില്പന തുകയുടെ 50% തുക കോർപറേഷനിൽ അടക്കേണ്ടതാണ്. അല്ലാത്തപക്ഷം കൺഫർമേഷൻ ഓർഡർ ഒരറിയിപ്പും കൂടാതെ ക്യാൻസലായിരിക്കും. ബാക്കി വരുന്ന 50% തുക കൺഫർമേഷൻ തീയതി മുതൽ 6 ദിവസങ്ങൾക്കുള്ളിൽ അടക്കേണ്ടതാണ്.

Contd .. 02

6. ടെണ്ടർ കണ്ടീഷൻ 5 പ്രകാരം 100% തുകയും നല്കിയിട്ടില്ലായെങ്കിൽ ടെണ്ടറുകാരൻ 25% പലിശ സഹിതം 3 ദിവസം വരെ അനുവദിക്കുന്നതാണ്. അതിനു ശേഷവും തുക അടക്കാത്തവരുടെ കൺഫർമേഷൻ ഓർഡർ ഒരറിയിപ്പും കൂടാതെ ക്യാൻസലായിരിക്കും. പ്രസ്തുത വ്യക്തി/സ്ഥാപനം അടച്ചിരിക്കുന്ന നിരതദ്രവ്യം കോർപറേഷനിലേക്കു കണ്ടുകെട്ടുകയും പ്രസ്തുത സ്ഥാപനത്തിന്റെ/വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ ഇ-ദർഘാസ് നടത്തുകയും അതുമൂലം കോർപറേഷന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയതും പ്രസ്തുത വ്യക്തി/സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതും പ്രസ്തുത വ്യക്തിയെ/സ്ഥാപനത്തെ കോർപറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും തുടർന്നുള്ള ഒരു ടെൻഡറിലും പങ്കെടുക്കാൻ സാധിക്കാത്തതുമാകുന്നു.
7. ടെണ്ടർ അംഗീകരിച്ച് 6 ദിവസംവരെ അംഗീകരിച്ച നിരക്ക് പ്രാബല്യത്തിൽ ഇരിക്കുന്നതും അതിനു ശേഷം പണം അടയ്ക്കുന്ന ദിവസം ആർ.എസ്.എസ്. 5 – ന്റെ വിലയിലുള്ള വർദ്ധനവ് കണക്കിലെടുത്ത് നിരക്ക് ബാധകമാകുന്നതും വർദ്ധനവ് ഇല്ലെങ്കിൽ അംഗീകരിച്ച നിരക്ക് തന്നെ ബാധകമാകുന്നതുമായ തരത്തിൽ പണം ഈടാക്കുന്നതുമാണ്.
8. ദർഘാസ് സമർപ്പിക്കുന്നവർ ടാക്സുകളും ഇൻഷുറൻസും ഫ്രയ്റ്റുകളും ഒഴികെയുള്ള ഒരു കിലോഗ്രാമിനുള്ള (100% DRC - ക്കുള്ള) വിലയാണ് കാണിച്ചിരിക്കേണ്ടത്.
9. റബ്ബർ ഉൽപന്നങ്ങൾ ലിഫ്റ്റ് ചെയ്യുന്ന സമയത്ത് ഉൽപ്പന്നത്തിന്റെ തുക്കത്തിനനുസരിച്ചാണ് കരാറുകാർ പണമടക്കേണ്ടത്. GST നിയമമനുസരിച്ചു എല്ലാ നികുതികളും അടക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ടെണ്ടറിൽ കാണിച്ചിരിക്കുന്ന റബ്ബർ ഉൽപ്പന്നത്തിന്റെ തുക്കം ഉദ്ദേശമാണ്.
10. ടെണ്ടർ നോട്ടീസിൽ കാണിച്ചിരിക്കുന്ന മുഴുവൻ ഉത്പന്നത്തിനും ഓഫർ നൽകേണ്ടുന്നതാകുന്നു.
11. റബ്ബർ ഉൽപന്നങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് ഡെലിവറി ഓർഡർ തീയതി മുതൽ 10 ദിവസം വരെ സമയം അനുവദിക്കുന്നതാണ്. അതിനുശേഷം വരുന്ന ഓരോ ദിവസത്തിനും ടണ്ണിന് 10/- രൂപ വീതം ഗോഡൗൺ ചാർജ് ഈടാക്കുന്നതാണ്.
12. സമർപ്പിച്ചതായ ടെണ്ടറുകൾ സ്വമേധയാ പിൻവലിക്കുവാൻ അവകാശം ഉണ്ടായിരിക്കുകയില്ല.
13. സമർപ്പിച്ചതായ ഏതൊരു വാഗ്ദാനവും, യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.
14. ടെണ്ടർ സമർപ്പിക്കുന്ന ആൾ/സ്ഥാപനം ടെണ്ടർ വ്യവസ്ഥകൾ പൂർണ്ണമായി വായിച്ചു മനസിലാക്കി അംഗീകരിച്ചു കൊണ്ടാണ് ഇ-ദർഘാസ് മുഖേന ടെണ്ടർ സമർപ്പിക്കുന്നതെന്നും ടെണ്ടർ നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതെന്നും കണക്കാക്കുന്നതും തുടർനടപടിക്രമങ്ങൾ സ്വീകരിക്കുന്നതുമാണ്.
15. ടെണ്ടർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന തീയ്യതിയിൽ ദിവസം ഹർത്താൽ, പൊതു അവധി, മറ്റു ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നടത്തുന്നതായിരിക്കും.
16. ടെണ്ടറുമായി ബന്ധപ്പെട്ട് എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് കോട്ടയം അധികാര പരിധിയായ കോടതികളിൽ മാത്രമായിരിക്കുന്നതാണ്.

Contd … 03

17. അൺപ്രോസസ്സ് റബ്ബർ ഉൽപന്നങ്ങളുടെ കാര്യത്തിൽ പിറ്റ് റിക്കവറി സ്ലഡ്ജ് ഉള്ളത് ഒഴികെ വില്പനയുടെ തുക കണക്കാക്കുന്നത് D R C - യുടെ അടിസ്ഥാനത്തിൽ ആയിരിക്കും.
18. ഒരു M. T. - ക്ക് ഒരു കിലോ വീതം സാമ്പിൾ എടുക്കുന്നതും ആയത് നാലായി തിരിച്ചവയിൽ രണ്ടെണ്ണത്തിന്റെ ശരാശരി D R C കോർപ്പറേഷൻ വക ലാബിൽ കണക്കാക്കുന്നതും തർക്കം ഉണ്ടാകുന്ന പക്ഷം ബാക്കിയുള്ള രണ്ട് സാമ്പിളുകൾ ടെസ്റ്റ് ചെയ്യുന്നതുമാണ്.
19. ഇ-ടെൻഡർ ഒറിജിനൽ രേഖകളും പി സി കെ ഹെഡ് ഓഫീസ്, കോട്ടയത്ത് സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കുന്നതിനും തുറക്കുന്നതിനുമുള്ള തീയ്യതിയും സമയവും ചുവടെ ചേർക്കുന്നു.

| **യൂണിറ്റ്** | **ഇ - ദർഘാസ് സമർപ്പിക്കുവാനുള്ള തീയതിയും സമയവും** | **ഇ-ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട തീയതിയും സമയവും** | **ഇ-ഓക്ഷൻ തുടങ്ങുന്ന സമയം** | **ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും** |
|---|---|---|---|---|
| കൊടുമൺ ഫാക്ടറി | 26.10.2026, 12.30 P.M | 27.10.2026, 11.30 A.M | 27.10.2026, 2.00 P.M | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 27/10/2026, 04.30 PM (ഓക്ഷന് ശേഷം) |
| കാസറഗോഡ് | 26.10.2026, 12.30 P.M | 27.10.2026, 11.30 A.M | 27.10.2026, 2.30 P.M | |
| പേരാമ്പ്ര | 26.10.2026, 12.30 P.M | 27.10.2026, 11.30 A.M | 27.10.2026, 3.00 P.M | |
| തണ്ണിത്തോട് | 26.10.2026, 12.30 P.M | 27.10.2026, 11.30 A.M | 27.10.2026, 3.30 P.M | |

20. ഒപ്പു വെച്ച ടെൻഡർ കണ്ടിഷൻ, റബ്ബർ ബോർഡ് ലൈസൻസിന്റെ കോപ്പി മുതലായവയും ഡിമാൻഡ് ഡ്രാഫ്റ്റും അടങ്ങിയ സീൽഡ് കവർ ഏത് ഇനത്തിൻറെ ടെണ്ടർ ആണെന്ന് കവറിൻറെ മുകളിൽ പ്രത്യേകം രേഖപ്പെടുത്തി ജനറൽ മാനേജർ (സി) പ്ലാൻറെഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം - 4 എന്ന മേൽവിലാസത്തിൽ മാർക്കറ്റിംഗ് ഡിപ്പാർട്മെന്റിൽ . നിശ്ചിത സമയത്തിന് മുൻപ് ലഭിച്ചിരിക്കേണ്ടതാണ്.
21. ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവർത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ 10.30 - ന് ദർഘാസുകൾ തുറക്കുന്നതായിരിക്കും.
22. ഇ-ദർഘാസ് സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വിൽപനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലായെന്ന് കാണുന്ന പക്ഷം, ടെൻഡർ തീയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
23. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ മാർക്കറ്റിങ് ഡിപ്പാർട്മെന്റിൽനിന്നും അറിയാവുന്നതാണ് കൂടാതെ Visit: www.pcklimited.in/www.e-tenders.kerala.gov.in

Mob No: 9496076003, കൊടുമൺ ഫാക്ടറി: : 8590450298, കാസറഗോഡ്: 9447204200
പേരാമ്പ്ര : 8086238174 , തണ്ണിത്തോട് : 9497106533

**S/d**

**ജനറൽ മാനേജർ (സി)**